ഉത്തരം

ഇവയിൽ ഒന്നുംതന്നെ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും ഒഴിവുകൾ നിലവിലില്ല. പി.എച്ച്.സി. ചുനക്കരയിൽ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകളിൽ ഓരോ ഒഴിവും പടനിലം പി.എച്ച്.സി.-യിൽ ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1-ന്റെ ഒരു ഒഴിവും നിലവിലുണ്ട്. പാർട്ട്ടൈം സ്വീപ്പർമാർക്ക് ഉദ്യോഗക്കയറ്റം നൽകി ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമിച്ച ഒഴിവുകൾ നികത്തുവാൻവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഇരിക്കൂർ മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്റ്റാഫ് പാറ്റേൺ നവീകരിക്കുവാൻ നടപടി

149 [2642] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാർലമെന്റംഗങ്ങളുടെ പ്രാദേശിക വികസനഫണ്ടിൽനിന്നും കെട്ടിടങ്ങൾ നിർമ്മിച്ച് പ്രയോജനരഹിതമായി കിടക്കുന്ന ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കൂട്ടുമുഖം, ഇരിക്കൂർ, എരുവേശ്ശി, ചന്ദനയ്ക്കാംപാറ, ഉദയഗിരി, തേർത്തല്ലി, കൂടിയാൻമല എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്റ്റാഫ് പാറ്റേൺ നവീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

നിർമ്മാണം പൂർത്തിയായിട്ടും ജീവനക്കാരുടെ അപര്യാപ്തത കാരണം പ്രവർത്തിപ്പിക്കാൻ കഴിയാത്ത കെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി 1200 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി, കൂട്ടുമുഖം, ഉദയഗിരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 15-7-2004-ലെ സ.ഉ.(എം.എസ്.) 152/04/ആകുവ. പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ജെ.എച്ച്.ഐ. ഒഴിവുകൾ നികത്താൻ നടപടി

150 [2643] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ഡിസംബർ ഒന്നിനുശേഷം തൃശ്ശൂർ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള എല്ലാ ഒഴിവുകളും ജില്ലാമെഡിക്കൽ ഓഫീസർ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ അടിയന്തിരമായി ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly